(ഡി) 2009-10-ൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കൊല്ലത്ത് 5% പലിശയ്ക്ക് നൽകേണ്ട വായ്പ 12% പലിശയ്ക്കാണ് സ്വയം സഹായ സംഘാംഗങ്ങൾക്ക് നൽകിയത് എന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ റിപ്പോർട്ടിൽ സൂചിപ്പിച്ച കാലയളവിൽ സ്വയംസഹായ സംഘങ്ങൾക്ക് തന്നെ അംഗങ്ങളിൽ നിന്നീടാക്കാവുന്ന പലിശ നിശ്ചയിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. ഇക്കാര്യം അക്കൗണ്ടന്റ് ജനറലിന് നൽകിയ മറുപടിയിൽ രേഖാമൂലം അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ആഡിറ്റ് പരാമർശങ്ങൾ നിലവിലില്ലാത്തതാണ്. എന്നാൽ 2012-ൽ കോർപ്പറേഷൻ Micro Finance Guidelines-ൽ ഭേദഗതി വരുത്തുകയും സ്വയം സഹായ സംഘങ്ങൾ അംഗങ്ങൾക്ക് നൽകുന്ന വായ്പാ പലിശ 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമാണ് 2014-ൽ SNDP-ക്ക് അനുവദിച്ച് വായ്പ കരാർ വച്ചിട്ടുള്ളത്. പ്രസ്തുത വായ്പ പ്രകാരം SNDP-ക്ക് നൽകിയ 5 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുകയും ആയത് Field Verification നടത്തിവരികയുമാണ്.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പാ തട്ടിപ്പ്

324 (1013) ശ്രീ. ജി. സുധാകരൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മൈക്രോ ക്രെഡിറ്റ് വായ്പയ്ക്കായി എസ്.എൻ.ഡി.പി. യോഗത്തിന് നൽകിയ തുക ദുരുപയോഗം ചെയ്തതിനെക്കുറിച്ച് ബഹു. പ്രതിപക്ഷ നേതാവ് നൽകിയ പരാതിയിൽ നടത്തിയ അന്വേഷണത്തിന്റെ വിശദവിവരം അറിയിക്കുമോ ;

(ബി) വായ്പാ വിനിയോഗം സംബന്ധിച്ച് കോർപ്പറേഷന്റെ ജില്ലാ മാനേജർമാരിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; അവർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അല്ലാതെയുമായി കോർപ്പറേഷൻ വായ്പാ തട്ടിപ്പ്/ദുരുപയോഗം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഹു. പ്രതിപക്ഷ നേതാവ് 13-10-2015-ൽ സർക്കാരിൽ ലഭ്യമാക്കിയ പരാതി 15-10-2015-ൽ സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിലേക്ക് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്.

(ബി) ഉണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) SNDP യോഗം സമർപ്പിച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ Field Inspection നടന്നുവരുന്നു.

എൻ.ജി.ഒ.-കൾക്ക് നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പയുടെ ദുരുപയോഗം

325 (1014) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻവഴി എൻ.ജി.ഒ.-കൾക്ക് നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ ദുരുപയോഗം ചെയ്യാൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണന്ന് വ്യക്തമാക്കുമോ;

(ബി) എസ്.എൻ.ഡി.പി. യോഗം വായ്പ ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വായ്പ ദുരുപയോഗം/തട്ടിപ്പ് സംബന്ധിച്ച് ഏതെങ്കിലും സംഘങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ സാമൂഹ്യ സന്നദ്ധ സംഘങ്ങളിൽ നിന്നോ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) വായ്പ വിനിയോഗം സംബന്ധിച്ച് കോർപ്പറേഷന് ഏതെങ്കിലും ജില്ലാ മാനേജർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ ?